തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ കൊച്ചുകുട്ടൻ):

(എ) കാളനൈസേഷൻ പദ്ധതിയനുസരിച്ച് ഈ സംസ്ഥാനത്ത് ഇതു വരെ രജിസ്റ്റർ ചെയ്തതും, രജിസ്റ്റർ ചെയ്യുവാൻ ഉദ്ദേശിക്കുന്നതുമായ കാളനികൾ താഴെ പറയുന്ന സ്ഥലങ്ങളിലാകുന്നു.

താലൂക്ക്	ഡിസ്ട്രിക്ട്
നെയ്യാറ്റിൻകര	തിരുവനന്തപുരം, കന്യാകുമാരി
ചിറയിൻകീഴ്	തിരുവനന്തപുരം
നെടുമങ്ങാട്	തിരുവനന്തപുരം
തോവാള	കന്യാകുമാരി
പത്തനാപുരം	കൊല്ലം
പുനലൂർ	കൊല്ലം
തലപ്പിള്ളി	തൃശൂർ
കുന്നത്തുനാട്	എറണാകുളം

(ബി) നെടുമങ്ങാടുതാലൂക്കിൽ കല്ലാർ എന്ന സ്ഥലത്ത് കാളനി സ്ഥാപിക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്. അന്വേഷണം നടത്തിയതിൽ സംഘത്തിൽ നിന്നും ആവശ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം 41 ഏക്കർ, 75 സെന്റ് മാത്രമാണെന്നു കാണുകയാൽ ആ ഭൂമി കാളനൈസേഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത ഭൂമി സംഘത്തിനു് മറ്റുതരത്തിൽ ലഭിക്കുവാൻ അർഹതയുണ്ടോ എന്ന പ്രശ്നം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

സബ് കോടതികൾ.

* 1134. [62] ശ്രീ. സി. കെ. രാമചന്ദ്രൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സബ് കോടതികൾ എവിടെയെല്ലാംസ്ഥാപിക്കണമെന്നു റിപ്പോർട്ടു ചെയ്യുവാൻ നിയമിതനായ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ റിപ്പോർട്ടു് സമർപ്പിച്ചുവോ;

(ബി) റിപ്പോർട്ടിലെ ശുപാർശകൾ അതേപടി നടപ്പിലാക്കുവാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ;

(സി) റിപ്പോർട്ടിലെ ശുപാർശകളിൽ ചിലതു് നടപ്പിലാക്കുകയും ചിലതെല്ലാം അനന്തമായി നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോ ിന്ദമേനോൻ):

(എ) സമർപ്പിച്ചു.

(ബി & സി) റിപ്പോർട്ടിന്മേലുള്ള ഹൈക്കോടതിയുടെ ശുപാർശ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

Inter-State Board for Anglo-Indian Education.

* 1135. [63] SHRI A. A. D. LUIZ: Will the Chief Minister be pleased to state why this State alone should refrain from nominating representatives to the Anglo-Indian Inter-State Board for Education, New Delhi?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (SHRI PANAMPILLI GOVINDA MENON):

This State has nominated two members to represent in the Inter-State Board for Anglo-Indian Education.

ഫീസ് സൗജന്യം.

* 1136. [65] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി പറയുമോ:

(എ) സ്റ്റേറ്റിലെ ഹൈവറും, പൊതുവിടമായിട്ടുമുള്ള വിദ്യാലയങ്ങളിൽ മുസ്ലിം സമുദായത്തിൽനിന്നുമുള്ള പെൺകുട്ടികൾക്ക് സർക്കാർ ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാലക്കാട് എൻ. എസ്. എസ്. ഗേൾസ് സ്കൂളിൽനിന്നും ഫീസ് പിടിച്ചില്ല എന്ന പേരിൽ മുസ്ലിം വിദ്യാർത്ഥിനികളെ ക്ലാസിൽനിന്നും ഇറക്കിവിട്ട വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന പ്രസ്തുത സംഭവം സംബന്ധിച്ച് ഗവണ്മെന്റിലേയ്ക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെന്റ് സ്കൂളുകളും മറ്റ് അംഗീകാരമുള്ള ഹൈവറും സ്കൂളുകളിലും പഠിക്കുന്ന മുസ്ലിം പെൺകുട്ടികൾക്ക് ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തി. സ്കൂൾ അംഗീകാരമില്ലാത്തതാകയാൽ സ്കൂളിന് ഫീസ് സൗജന്യം സംബന്ധിച്ച ഗ്രാന്റിന് അർഹതയില്ല. അതുകൊണ്ട് ഫീസ് ഇളവു ലഭിക്കുന്ന കുട്ടികളെ സ്കൂളിൽ ചേർക്കാൻ മാനേജ്മെന്റിനെ നിർബന്ധിക്കാൻ സാധിക്കുകയില്ല. സ്കൂളിന് അംഗീകാരം നൽകുന്നതിനെപ്പറ്റി ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തുന്നുണ്ട്.

Periyar Waters.

* 1137. [67] SHRI V. V. SEBASTIAN: Will the Chief Minister be pleased to state:

(a) Whether the Government have entered into any agreement with the Government of Madras regarding the utilisation of Periyar waters for the purpose of generating electric energy; and

(b) If so, what are its terms?

LIBRARY ARCHIVES Kerala Legislative Assembly